

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH
Vol. 16 No.10 Newsletter October 2018



‘നിങ്ങളുടെ വാർദ്ധക്യംവരെ ഞാൻ അനന്യൻ തന്നെ;
നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും.’
(യെശയ്യ. 46:4)














പുതിയ മഹായിടവക സെക്രട്ടറി ഡോ. പി. കെ. റോസ്ബിസ്റ്റിന് സ്വീകരണം നൽകുന്നു.

## അഭിനന്ദനങ്ങൾ



കാരക്കോണം
Dr. SM CSI Medical College
പ്രിൻസിപ്പാൾ ആയി
നിയമിതനായ
ഡോ. സാംസൺ നേശയ്യ



സി. ആർ. ഡി. കേന്ദ്രം
(Polio Home) ഡയറക്ടറായി
നിയമിതനായ
ഡോ. ആർതർ ജേക്കബ് ജെ.
തൈക്കാട് കുടുംബാംഗമാണ്.

# CHURCH VOICE

16th year of publication

## OCTOBER 2018

EDITORIAL BOARD

CHIEF EDITOR

Rev. D. Jacob

CONVENOR
Literary Board

D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
R. Sajan Samson
(Editor)
Manoj Kumar Ebenezer
(Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessiah
Dr. Sajitha Sanjeev

ADDRESS

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

PRINTED AT

GRACE PRINTERS
Muttada Ph: 2540523

## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



**നി**ങ്ങളുടെ യൗവനക്കാർ ദർശനങ്ങളെ ദർശിക്കും (യോവേൽ 2:28). പ്രവാചകന്റെ അഭിപ്രായത്തിൽ യൗവനക്കാർക്ക് ദർശനങ്ങൾ ഉണ്ടാകുന്നത് ദൈവത്തിലേക്ക് തിരിച്ചു വരുമ്പോഴാണ്. നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ ദൈവത്തിലേക്ക് തിരിയാനാണ് ആഹ്വാനം. ദർശിക്കുക എന്നതിന് തത്തുല്യമായ ഹാസാ എന്ന എബ്രായപദം പല അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. 1. ബാഹ്യകണ്ണുകൾ കൊണ്ട് നോക്കുക (യെശ. 33:20) 2. കാണുക, മനസിലാക്കുക (ഇയ്യോ 34:32).3. ആത്മീയ നിർവൃതിയിൽ ഹർഷോന്മാദം ഉളവാക്കുന്ന അവസ്ഥയിൽ ദർശനം കാണുക (യോഹ 12:27). ചുരുക്കത്തിൽ ദർശകന്റെ ആത്മാവിൽ ദൈവാത്മാവിന്റെ പ്രവർത്തനം ശക്തമാകുന്ന അവസ്ഥയാണിത്. **ദിവ്യമായ പ്രചോദനത്തിൽ മനസ്സിലുദിക്കുന്ന കാഴ്ചപ്പാടുകളും അർത്ഥവുമാണ് ദർശനം.** ദർശനത്തിൽ ദൈവം തന്റെ ഭക്തന്മാരോടു സംസാരിക്കുകയും തന്റെ ആലോചനകൾ വെളിപ്പെടുത്തുകയും ചെയ്യുന്നു. തന്റെ ഭക്തന്മാരോടുള്ള ആശയവിനിമയത്തിന് ദൈവം സ്വീകരിച്ച മാർഗ്ഗമായ ദർശനം ദൈവത്തിന്റെ വചനം ഗ്രഹിക്കുന്ന ആത്മപ്രകാശനമാണ്. ജനത്തെ ന്യായപ്രമാണാടിസ്ഥാനത്തിൽ നിയന്ത്രിതമായ ജീവിതത്തിന് ഒരുക്കുക എന്നതാണ് ദർശനത്തിന്റെ ലക്ഷ്യം. അനിയന്ത്രിതമായ ജീവിതത്തിനെതിരെയുള്ള ശക്തമായ താക്കീതായി യൗവനക്കാരുടെ ദർശനവും അതിന്റെ ഉള്ളടക്കവും മാറണം.

“നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിയാൻ ഇച്ഛിച്ചാൽ ആദ്യം ഇരുന്ന് അത് തീർപ്പാൻ വകയുണ്ടോ എന്നു കണക്ക് നോക്കുന്നില്ലയോ? (ലൂക്കൊ. 14:28). Competence: A necessary step on the road to excellence എന്ന് വായിച്ചത് ഓർക്കുന്നു. ‘Competence’ എന്നാൽ കാര്യക്ഷമത, ശേഷി, അർഹത, പര്യാപ്തത എന്നെല്ലാം അർത്ഥം കല്പിക്കാം. ഒരാൾക്ക് കാര്യക്ഷമതയുണ്ടോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നത് ന്യായം വിധിക്കുന്നതോ ഇടുങ്ങിയ ചിന്താഗതിയോ അല്ല, എല്ലാവരും ഒരു പ്രത്യേക അളവിൽ സ്വായത്തമാക്കേണ്ടതാണ് കാര്യക്ഷമത. അത് വെളിപ്പെടുത്തുമ്പോൾ സ്നേഹിതരിൽ നിന്ന് വിശ്വാസവും ആദരവും ലഭിക്കുന്നു. കാര്യക്ഷമതയിൽ മൂന്ന് ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.
**1. Commitment (പ്രതിജ്ഞാബദ്ധത).** സ്വന്തകുടുംബത്തേയും സ്വന്തജീവനേയും പകെക്കാതിരിക്കുകയും തന്റെ ക്രൂശ് എടുത്ത് യേശുവിനെ അനുഗമിക്കാതിരിക്കയും ചെയ്യുന്നവന് അവന്റെ ശിഷ്യനായിരിക്കാൻ കഴികയില്ല എന്ന് ഗുരുമൊഴി. ആവശ്യമായ എല്ലാ മേഖലയിലും പ്രതിജ്ഞാബദ്ധത വെളിപ്പെടുത്തിയേ തീരു.

**2. Resources (വിഭവങ്ങൾ).** കാര്യക്ഷമത തെളിയിക്കാൻ അത്യന്താപേക്ഷിതമായ വിഭവസമാഹരണം നടത്തിയുണ്ടോ? ഒഴിവാക്കാനാവാത്ത താലന്തുകളും കഴിവുകളും. അവ ജന്മസിദ്ധമോ ആർജ്ജിച്ചെടുത്തതോ ആകാം.
**3. Intelligence (ബുദ്ധി സാമർത്ഥ്യം).** എന്തുചെയ്യണം, എപ്പോൾ ചെയ്യണം എങ്ങനെ ചെയ്യണം എന്ന അറിവും വീക്ഷണവും പ്രധാനം തന്നെ. മേല്പറഞ്ഞ മൂന്നു ഘടകങ്ങളും ഇഴുകിച്ചേരുമ്പോൾ വെളിവാകുന്നതാണ് Excellence

(വൈശിഷ്ട്യം, മേന്മ, ഉൽകൃഷ്ടത, ശ്രേഷ്ഠത).

കാര്യക്ഷമത അർത്ഥവത്തായി തെളിയിച്ച വേദപുസ്തക നായകന്മാരിൽ ഒരാളാണ് യോശുവ. 1. He was a warrior (Exo 17:9-11)2. He was a spokesman (Exo. 17:14) 3. He was a servant (Exo. 24:13). 4. He was a faithful coworker (Exo. 32:17). 5. He was an apprentice of Moses and God (Exo 33:11). 6. He was a zealot (Num 11:29). 7. He was a transformed leader (Num 13:16)

പരിശുദ്ധാത്മാവിന്റെ നിറവുള്ളവർക്ക് ദർശനമുള്ളവരായി കാര്യക്ഷമതയോടെ പ്രവർത്തിക്കാനാവും. Splendour in the Grass എന്ന കവിതയിൽ കവി പാടുന്നതുപോലെ പക്ഷികളുടെ കണ്ണുകൊണ്ട് കാണാനും കലമാന്റെ ചെവികൾ കൊണ്ട് കേൾക്കാനും മറ്റുള്ളവർക്ക് കേൾക്കാൻ കഴിയാത്തത് കേൾക്കാനും യുവജനങ്ങൾക്ക് സാധിക്കട്ടെ. എന്നാൽ അതിനെക്കാൾ ശ്രേഷ്ഠമായത് ക്രിസ്തുവിന്റെ കണ്ണുകളിലൂടെ എല്ലാം കാണുക; ക്രിസ്തുവിന്റെ ചെവികളിലൂടെ കേൾക്കുക; ആത്മാവിന്റെ മൃദുസ്വരം കേൾക്കുക. അങ്ങനെ ദർശനമുള്ള യുവത രൂപപ്പെടട്ടെ.

സ്നേഹാദരവുകളോടെ,

**ജേക്കബ്ബച്ചൻ**



# പ്രതിവാര ധ്യാനം

ഒക്ടോബർ 2018

ഒക്ടോബർ 07, അയ്മേനികളുടെ ഞായർ

വിഷയം: **അൽമായ ശുശ്രൂഷ**

1 ശമൂ.25:14-28, സങ്കീ.23, 1.തെസ്സ.4:1-12, ലൂക്കൊ.10:25-37

ഒക്ടോബർ 14, രണ്ടാം ഞായർ

വിഷയം: **അന്യഥാ കഴിവുള്ളവർ: പ്രതാപവും ആശ്രയവും**

പുറ.4:10-17, സങ്കീ.103:1-33, അ.പ്ര.3:1-10, മത്താ.17:14-21

ഒക്ടോബർ 21, യുവജന ഞായർ

വിഷയം: **അർത്ഥപൂർണ്ണമായ ജീവിതത്തെ അന്വേഷിക്കുന്ന യുവത്വം**

ഉൽപ്പ.39:1-23, സങ്കീ.17, എബ്രാ.12:1-11, യോഹ.1:43-51

ഒക്ടോബർ 28, നവീകരണ ഞായർ

വിഷയം: **സഭ നവീകരിക്കപ്പെട്ടതും നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും**

(Church: Reformed and Reforming)

ആവ.പുസ്ത.26:4-11, സങ്കീ.109:21-31, അ.പ്ര.2:43-47, മത്താ.13:33-35

നവംബർ 4, അഖിലലോക സണ്ടേസ്കൂൾ ദിനം

വിഷയം: **സഭയിലെ കുഞ്ഞുങ്ങൾ**

(Children in the Church)

പുറ.2:1-10, സങ്കീ.47, 3.യോഹ.1-15, ലൂക്കൊ.18.15-17

## Secretary's Report



**Dear friends in Christ,**

Greetings in the precious name of our Lord and Saviour Jesus Christ.

The Church committee meeting held during the month, briefly reviewed the participation and involvement of our members in the Church. It is regretted to note that many of our members are either passive or silent for long periods. It is an unfortunate setback so far as MM Church is concerned. The Church Committee took this matter seriously and decided to initiate suitable steps to bring back all those members who are inactive in the Church by providing them necessary pastoral care with the full support and active participation of deacons.

**1. Church Committee Meeting**

In September, regular Church Committee meeting was held on 09-09-2018 Sunday and continuation meeting on 13-09-2018. A special church committee meeting was held on 27th of September 2018 mainly to discuss on the matters regarding the upcoming church general body meeting scheduled on 30th September 2018.

**2. Circle Prayers**

During this month 22 circle prayers were conducted at the residences of our church members.

**3. Family week**

Family week was observed from 2nd September to 9th September 2018 with active leadership and involvement of women's fellowship members by conducting various programmes to extend helping hand to the needy and poor as well as by taking lead role in the Sunday worship services.

**4. Senior Citizen Fellowship (SCF) Week**

Senior citizen fellowship of our church successfully conducted one week programme 09-09-2018 to 16-09-2018 like retreat, seminar and honouring senior citizens who attained the age of 75 years as well as the married couples completed 50 years of married life.

**5. Teacher's Day observed on 09-09-2018**

The church observed Teachers day on 9-9-2018. Prof. Dr. D. Benjamin delivered the message during the Malayalam service.

**6. Annual Gospel Convention**

The Annual Gospel Convention organized by MM Church Gospel band was successfully conducted from 20 to 23rd September 2018. Rev. Dr. Mathew Varkey was the speaker. Gospel song service led by MM Church choir was also conducted during the days.

**7. Church Choir Musical Concert**

An impressive musical concert was organized by the church choir on 23rd September 2018 Sunday evening.

**8. Restoration of voting right**

Voting right of the following 14 active members of our church, which was withheld w.e.f. 1/05/2016 was restored through an order no. SKD (B) B&C 116/908/18 dated. 20-08-2018 issued by the Bishop, CSI South Kerala Diocese.

1. Dr. Christenson E. Sarasam
2. Dr. S. G. Churchin Ben
3. Adv. Sarjine Thomas
4. Dr. Arthur Jacob J
5. Dr. Satheesh S.
6. Dr. John Sajit Edwin
7. Mr. Y. Christudas
8. Er. Joshi Das Y. S.
9. Mr. R. Sajan Samson
10. Er. Sam Moses M.
11. Mrs. Charlette Bai Robert Singh
12. Mrs. Pushpa Madan
13. Er. Ajith Sen G. S.
14. Mr. Noble Albin

**9. Poor Fund /Aid**

The Following beneficiaries were selected for availing poor Fund/Aid

Marriage Aid

| | |
|---|---|
| 1. Reena Kuttamala HMS Church | Rs.12000/- |
| Medical Aid | |
| 1. Sarojini C, MM Church | Rs.1000/- |
| 2. Vignesh Kumar, Madhurai (Cancer) | Rs.5000/- |
| 3. Sadasivan, Kollam | Rs.1000/- |
| House Maintenance Aid | |
| 1. Usha kumari CSI Chettikkunu | Rs.10000/- |
| 2. Ponmani CSI Mundela | Rs.5000/- |
| Educational Aid | |
| 1. Winson T. Wilfred, S/o. Mrs. Christy Bai MM Church | Rs.6000/- |

**10. Marriages**

Mr. Binil Winfred, Family No. 1181 of MM Church was married on 10-09-2018.

In addition, four numbers of marriages of members belonging to other Churches of CSI were also conducted during the month.

**11. Birthday Greetings**

Church committe extends bright and blessed birthday to all our beloved members who celebrated birthday during the month of September 2018.

**12. Obituary**

The following members of our Church were called to eternal rest

1. Smt. Kamala Bai Messia Das, Family No.128, Date. 25-8-2018 funeral at MM Church Cemetery on 28-8-2018
2. Sri. Retna Raj J, Family No.179, Date. 13-9-2018 funeral in Bangalore on 14-9-2018
3. Smt. Mary Stella Russel, Family No.931, Date. 18-9-2018 funeral at Mulluvila (Kanjiramkulam ) on 19-9-2018
4. Sri. Vijaya Kumar Benjamin, Family no. 47 expired while he was abroad.

May God our father and the Lord Jesus Christ give you all grace and peace.

**Dr. Thampi Sam Raj Y C**
**Church Secretary**

# കുടുംബങ്ങളിൽ മുതിർന്നവരുടെ ജ്ഞാനം

റവ. സി. റോബിൻസൺ

ഇംഗ്ലണ്ടിലെ ജോർജ്ജ് അഞ്ചാമൻ ചക്രവർത്തി തന്റെ സാമ്രാജ്യം ശിഥിലമാകുവാൻ സാധ്യതയുണ്ടോ എന്ന് സംശയിച്ച സമയത്ത് ജനങ്ങൾക്ക് നല്കിയ ഒരു മുദ്രാവാക്യമാണ് "നമ്മുടെ രാജ്യത്തിന്റെ സുരക്ഷിതത്വം നമ്മുടെ കുടുംബങ്ങളുടെ ഭദ്രതയിലും സ്ഥിരതയിലുമാണ് നിലകൊള്ളുന്നത്" എന്നുള്ളത്. കുടുംബബന്ധങ്ങൾ തകർന്നു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ജീവിക്കുന്നവരാണ് നാം. പാശ്ചാത്യ സംസ്കാരത്തിന്റെ സമ്മർദ്ദഫലമായി ഭാരതത്തിനു തന്നെ തനതായുണ്ടായിരുന്ന കുടുംബത്തിന്റെ പരിപാവനത നഷ്ടമായി കൊണ്ടിരിക്കുകയല്ലേ എന്ന് നമ്മുടെ രാഷ്ട്രപതിയായിരുന്ന ഡോ. രാധാകൃഷ്ണൻ ഒരിക്കൽ പറയുകയുണ്ടായി. മുമ്പ് ഉള്ളതിനെക്കാൾ അധികം വിവാഹമോചനം ഇന്ന് നടക്കുന്നുണ്ട്. വിവാഹത്തിന് പുറത്തുള്ള സ്ത്രീ പുരുഷ ബന്ധം അത്ര വലിയ തെറ്റല്ലാ എന്ന് ചിന്തിക്കുന്നവരുടെ എണ്ണം കൂടി വരുന്നു. വിവാഹം കൂടാതെ തന്നെ ഒരുമിച്ച് ജീവിക്കുന്ന ആളുകളുടെ എണ്ണവും കൂടിവരികയാണ്. ഇതിന്റെ ഒക്കെ പരിണിതഫലമായി ലൈംഗിക അരാജകത്വം അരങ്ങേറുന്നു. കണ്ണടയ്ക്കനാകാത്തവിധം ഇവയൊക്കെ സമൂഹത്തെ കീഴടക്കി കഴിഞ്ഞു. സഭയുടെ നേരെയുള്ള ഒരു വലിയ വെല്ലുവിളിയായി ഇത്തരം കാര്യങ്ങൾ തീർന്നുകഴിഞ്ഞിരിക്കുകയാണ്.

നമ്മുടെ സംസ്കാരത്തിൽ ഒരു വലിയ വ്യതിയാനം വന്ന് കഴിഞ്ഞു. ലാളിത്യത്തിന്റെ സംസ്കാരത്തിൽ നിന്നും പ്രൗഢിയുടെയും ആഢ്യത്തത്തിന്റെതുമായ ഒരു സംസ്കാരത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ഭൗതിക ആഡംബരസംസ്കാരത്തിലേക്ക് നാം അതിവേഗം കുതിച്ച് കൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണവും ഉപഭോഗസംസ്കാരവും വളർന്നു വരുന്നതിന്റെ ഫലമായി മൂല്യങ്ങൾ തകർന്നടിഞ്ഞു കൊണ്ടിരിക്കുന്നു. ഇതിൽ നിന്നെങ്ങനെ രക്ഷ നേടാൻ സാധിക്കുമെന്ന് ഈ നൂറ്റാണ്ടിൽ നാം ചിന്തിക്കേണ്ടിയിരിക്കുന്നു. മൂല്യങ്ങൾ തകരുന്നു. സഭയും രാഷ്ട്രവും അതിന്റെ നീരാളി പിടുത്തത്തിൽ ശ്വാസം മുട്ടുന്നു. എങ്ങനെ ഒരു പരിഹാരം കണ്ടെത്താൻ കഴിയും? കുടുംബത്തിന്റെ ഭദ്രതയും അതിന്റെ നിലനില്പും കെട്ടുറപ്പുള്ളതാക്കുക ഇതിന് ഏറെ സഹായം ചെയ്യുമെന്ന് കരുതുന്നു. നല്ല ക്രിസ്തീയ മൂല്യങ്ങൾക്ക് വിലകല്പിക്കുന്ന കുടുംബങ്ങളാണ് ഇന്ന് ആവശ്യം.

മൂല്യശോഷണം സംഭവിച്ച് കൊണ്ടിക്കുന്ന സമൂഹത്തിൽ മൂല്യങ്ങൾക്ക് വിലകല്പിക്കുന്ന കുടുംബങ്ങൾ ഉണ്ടാകണം. "നീതിമാന്റെ ഭവനമോ നിലനില്ക്കും." നീതിമാന്റെ ഭവനം കെട്ടുറപ്പുള്ളതായിരിക്കുമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ലാളിത്യവും സംതൃപ്തിയും മുഖമുദ്രയായുള്ള ഭവനങ്ങൾ നില

നില്ക്കുന്ന ഭവനങ്ങളാണ്. കുടുംബങ്ങളിൽ ലളിതജീവിതം പരിശീലിപ്പിക്കുകയും പരിചയിപ്പിക്കുകയും ചെയ്യേണ്ടത് ഒരാവശ്യം മാത്രമാണ്. ഉള്ളതിൽ സംതൃപ്തി കുടുംബത്തിന്റെ മുഖമുദ്രയാകണം. പ്രാർത്ഥനയും ആരാധനയും ഉള്ള ഭവനം നിലനില്ക്കും. യേശുവിനോടുള്ള വിധേയത്വം, ദൈവത്തോടും മനുഷ്യനോടുമുള്ള സ്നേഹം, നിസ്സഹായരോടും ആലംബഹീനരോടുമുള്ള കരുതൽ, കൃപയോടുകൂടിയ സംസാരവും പ്രവർത്തനങ്ങളും, എല്ലാവരോടുമുള്ള സഹതാപവും കരുണയും, ക്രിസ്തീയ ഭവനങ്ങളുടെ മുഖമുദ്രയായിരിക്കണമെന്ന് ദൈവവചനം പഠിപ്പിക്കുന്നു. ആ ഭവനത്തിൽ ദൈവത്തിന് പ്രഥമ സ്ഥാനം ഉണ്ടായിരിക്കും. ദൈവഹിതമാണ് അവിടെ നടക്കുന്നത്. പ്രാർത്ഥനയുടെ അന്തരീക്ഷത്തിലായിരിക്കും അവർ ജീവിക്കുന്നത്. മാതാപിതാക്കൾ ആ ഭവനത്തിലെ ആത്മീക നേതാക്കൾ കൂടെ ആയിരിക്കും. ദൈവത്തിനു പ്രഥമ സ്ഥാനം നല്കി ദൈവഹിതപ്രകാരം ജീവിക്കുന്ന ഒരു ഭവനം ഐശ്വര്യമുള്ള ഭവനമായിരിക്കും. ഇങ്ങനെയുള്ള ഭവനങ്ങളെ ദൈവം കരുതും. മാലാഖമാർ സൂക്ഷിക്കുകയും അയൽക്കാർസ്നേഹിക്കുകയും ചെയ്യും. ലാളിത്യത്തിന്റെ ഒരു സംസ്കാരം നമ്മുടെ ഭവനങ്ങളിൽ കെട്ടു പണി ചെയ്യണം. ത്യാഗത്തിന്റെ ഒരു സംസ്കാരത്തിൽ കുടുംബാംഗങ്ങൾ ജീവിക്കണം. ആത്മാർത്ഥതയുടെ ഒരു സംസ്കാരമായിരിക്കണം നമ്മുടെ കുടുംബങ്ങളിൽ ഉണ്ടായിരിക്കേണ്ടത്. ഇത്തരത്തിൽ സംവിധാനം ചെയ്യപ്പെട്ട ഭവനം എന്നന്നേക്കും നിലനില്ക്കും.

ഇത്തരത്തിൽ ഭവനങ്ങൾ സംവിധാനം ചെയ്യപെടാൻ മുതിർന്നവരുടെ ജ്ഞാനം ആവശ്യമാണ്. ജീവിതത്തിൽ പ്രശ്നങ്ങളെ നേരിടുവാൻ ഒരു വ്യക്തിയെ തയ്യാറാക്കുകയാണ് കുടുംബങ്ങളിൽ മുതിർന്നവരുടെ ചുമതല. ചുമതലാബോധത്തോടുകൂടി പ്രവർത്തിക്കുന്ന പൗരന്മാരായി കുട്ടികൾ വളർന്നു വരണം. ജീവിതത്തെക്കുറിച്ച് ഒരു ശരിയായ കാഴ്ചപ്പാട് മുതിർന്നവരിൽ നിന്നും കുട്ടികൾക്ക് ലഭിക്കണം. സാമുദായിക, സാംസ്കാരിക,സാന്മാർഗ്ഗിക മൂല്യങ്ങളെ കുറിച്ച് കുട്ടികൾ ബോധമുള്ളവരായി തീരണം. തങ്ങളുടെയും തങ്ങളുടെ രാജ്യത്തിന്റെയും പുരോഗതിക്ക് സഹായകമായി തീരാത്തക്കവണ്ണം ഒരു തൊഴിലിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് സാധിക്കണം. അതിന് മുതിർന്നവർ വഴികാട്ടികളായി തീരണം. മുതിർന്നവരുടെ അറിവ് കുടുംബത്തിന്റെ വളർച്ചയ്ക്കും കെട്ടുറപ്പിനും അനിവാര്യമാണ്.

യേശുക്രിസ്തു നാഥനും, പള്ളി ആരാധനയിലും പ്രാർത്ഥനയിലും ക്രമമായി പങ്കെടുക്കുകയും, പരസ്പരം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നതുമായ അംഗങ്ങളുള്ളതുമായ കുടുംബം സന്തോഷം നിറഞ്ഞതായിരിക്കും. ഒരു സന്തുഷ്ടകുടുംബം ചെറിയ കുടുംബമായിരിക്കണമെന്നില്ല യേശുക്രിസ്തു രാജാവും ദൈവദൂതന്മാർ സദാസമയവും സ്തുതിഗീതങ്ങൾ പാടി ആരാധിക്കുന്നതുമായ സ്വർഗ്ഗത്തെ നാം പലപ്പോഴും വിഭാവന ചെയ്യാറുണ്ട്. എന്നാൽ ഈ ലോകത്തിൽ വെച്ച് തന്നെ സ്വർഗ്ഗീയസന്തോഷം അനുഭവിപ്പാൻ കുടുംബങ്ങളിൽ സാധ്യമാകണം. അതിന് മുതിർന്ന കുടുംബാംഗങ്ങളുടെ അറിവും ജ്ഞാനവും നമുക്ക് മുതൽക്കൂട്ടായിതീരട്ടെ. ❍

ലേഖനം

# പ്രൊട്ടസ്റ്റന്റ് നവീകരണം

## (Protestant Reformation)

**മനോജ്കുമാർ എബനീസർ**

**പാ**പമോചനചീട്ട് വില്പനയ്ക്കെതിരെ മാർട്ടിൻ ലൂഥർ 1517 ഒക്ടോബർ 31 ന് ഉയർത്തിയ പ്രതിഷേധമാണ് പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ തുടക്കമായി പരിഗണിക്കുന്നത്. ലോകമെമ്പാടുമുള്ള പ്രൊട്ടസ്റ്റന്റ് സഭകളോടൊപ്പം സി. എസ്. ഐ.യും ഒക്ടോബറിലെ അവസാന ഞായറാഴ്ച **നവീകരണ ഞായർ** ആയി ആചരിക്കുന്നു. വിശ്വാസത്താൽ രക്ഷ എന്നതാണ് നവീകരത്തിന്റെ ആപ്തവാക്യം.

യൂറോപ്പിൽ വിവിധ രാജ്യങ്ങളിലായി വ്യാപിച്ച പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ പല ശാഖകളെപ്പറ്റി നാം മനസ്സിലാക്കേണ്ടതാണ്

**1. ഉത്ഭവം :**

ലൂഥറൻ - ഒക്ടോബർ 1517 ൽ ജർമ്മനിയിലെ വിറ്റൻബർഗിൽ പാപമോചനചീട്ട് വില്പനയ്ക്കെതിരെ 95 Theses മാർട്ടിൻ ലൂഥർ പള്ളി വാതിലിൽ പതിച്ചപ്പോൾ.

റിഫോംഡ് - 1519 ൽ സ്വിറ്റ്സർലണ്ടിലെ സൂറിക്കിൽ മത്തായി സുവിശേഷത്തെ അധികരിച്ച് സ്വിംഗ്ലി പ്രസംഗ പരമ്പര ആരംഭിച്ചപ്പോൾ.

ആംഗ്ലിക്കൻ - 1534 ൽ ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരം മാർപാപ്പയിൽ നിന്നും ഏറ്റെടുത്തുകൊണ്ട് ഹെൻറി VIII രാജാവ് Act of Supremacy വിളംബരം ചെയ്തപ്പോൾ.

ബാപ്റ്റിസ്റ്റ് - സ്വിംഗ്ലിയുടെ വിഭാഗത്തിൽപ്പെട്ട കുറച്ചുപേർ കൂടുതൽ തീവ്ര നിലപാടിലേക്ക് നീങ്ങുകയും 1525 ൽ ഒരാളെ മുതിർന്ന സ്നാനം നടത്തുകയും ചെയ്തപ്പോൾ

**2. പരിണാമം:** റിഫോംഡ് ശാഖയിൽ നിന്നുള്ള രണ്ട് ഉപശാഖകളാണ് പ്രെസ്ബിറ്റീരിയൻ, കോൺഗ്രിഗേഷണൽ എന്നിവ. ആംഗ്ലിക്കൻ ശാഖയിൽ നിന്നും പിന്നീട് (18-ാം നൂറ്റാണ്ടിൽ) ഉരുത്തിരിഞ്ഞതാണ് മെതഡിസ്റ്റ് സഭ, ആത്യന്തികമായി മെതഡിസ്റ്റ് സഭയിൽ നിന്നുണ്ടായതാണ് സാൽവേഷൻ ആർമിയും ആദ്യത്തെ പെന്തെക്കോസ്ത് സഭകളും, ബാപ്റ്റിസ്റ്റ് ശാഖയിൽ നിന്നാണ് ബ്രദറൻ സഭ ഉണ്ടായത്.

**3. പ്രധാന ചിന്തകർ, നേതാക്കൾ:**

ലൂഥറൻ : മാർട്ടിൻ ലൂഥർ (1483-1546), ഫിലിപ്പ് മെലാങ്ക്ത്തൺ (1497 - 1560)

ആംഗ്ലിക്കൻ: വില്യം റ്റിൻഡേൽ (1495-1536), ആർച്ച് ബിഷപ്പ് തോമസ് ക്രാൻമർ (1489 - 1556), എലിസബത്ത് I രാജ്ഞി (1533-1603)

റിഫോംഡ് : അൾറിക്ക് സ്വിംഗ്ലി (1485 - 1531), ജോൺ കാൽവിൻ (1509

–1564), ജോൺ നോക്സ് (1514 – 1572)

ബാപ്റ്റിസ്റ്റ് : കോൺറാഡ് ഗ്രേബൽ (1498 – 1526), മെന്നോ സൈമൺസ് (1496 – 1561)

**4. ശക്തി കേന്ദ്രങ്ങൾ**

ലൂഥറൻ – ജർമ്മനി, സ്വീഡൻ, നോർവേ, ഫിൻലന്റ്, ഡെൻമാർക്ക്

ആംഗ്ലിക്കൻ – ഇംഗ്ലണ്ട്

റിഫോംഡ് – സ്വിറ്റ്സർലണ്ട്, നെതർലന്റ്സ്, ഫ്രാൻസ്, ജർമനി, ഹംഗറി, സ്കോട്ട്ലന്റ് (പ്രെസ്ബിറ്റീരിയൻ), ഇംഗ്ലണ്ട് (പ്രെസ്ബിറ്റീരിയൻ, കോൺ ഗ്രിഗേഷണൽ സഭകൾ)

ബാപ്റ്റിസ്റ്റ – സ്വിറ്റ്സർലന്റ്, ആസ്ട്രിയ, മൊറേവിയ (ഇന്നത്തെ ചെക്ക്റിപ്പബ്ലിക്ക്).

**5. പ്രധാനപുസ്തകങ്ങൾ**

ലൂഥറൻ – ലൂഥറിന്റെ 95 Theses (1517), ചെറിയ കാറ്റക്കിസം, വലിയ കാറ്റക്കിസം (1529)

റിഫോംഡ് – കാൽവിന്റെ ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ക്രിസ്ത്യൻ റിലിജിയൺ (1536)

ആംഗ്ലിക്കൻ – ടിന്റേലിന്റെ ബൈബിൾ വിവർത്തനം (1526), ക്രാൻമറിന്റെ ബുക്ക് ഓഫ് കോമൺ പ്രയർ (1549)

ബാപ്റ്റിസ്റ്റ് – ഹട്ടറൈറ്റ് ക്രോണിക്കിൾ (1525)

**6. വിശ്വാസ പ്രഖ്യാപനം**

| | |
|---|---|
| ആംഗ്ലിക്കൻ | – 39 ആർട്ടിക്കിൾസ് (1563) |
| ലൂഥറൻ | – ആഗ്സ്ബർഗ് കൺഫെഷൻ (1530) |
| റിഫോംഡ് | – ഹൈഡൽ ബെർഗ് കാറ്റക്കിസം (1562) |
| | വെസ്റ്റ്മിൻസ്റ്റർ കാറ്റക്കിസം (1663) |
| ബാപ്റ്റിസ്റ്റ് | – സ്ക്ലൈതൈം കൺഫെഷൻ (1527) |

വേദപുസ്തകമാണ് പ്രൊട്ടസ്റ്റന്റ് സഭകളിൽ അന്തിമ അതോറിറ്റി.

**ഉപസംഹാരം :**

പല ശാഖകളായി പിരിഞ്ഞ പ്രൊട്ടസ്റ്റന്റ് നവീകരണത്തിൽ ബിഷപ്പുമാർ ഉള്ള സഭകളും (ആംഗ്ലിക്കൻ, ലൂഥറൻ) ഇല്ലാത്തവയും (റിഫോംഡ്, ബാപ്റ്റിസ്റ്റ) ഉണ്ടായിരുന്നു. എന്നാൽ 20–ാം നൂറ്റാണ്ടിൽ ഈ പല ശാഖകളുംഒത്തു ചേർന്ന് സി. എസ്. ഐ. രൂപീകരിച്ചത് സഭാ ചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ്. ആംഗ്ലിക്കൻ, റിഫോംഡിലെ രണ്ട് ഉപശാഖകൾ (പ്രെസ്ബിറ്റീരിയൻ, കോൺഗ്രിഗേഷണൽ) ആംഗ്ലിക്കനിൽ നിന്ന് ഉത്ഭവിച്ച മെതഡിസ്റ്റ് എന്നീ ശാഖകൾ സി. എസ്. ഐ.യിൽ ഒത്തു ചേർന്നു, വേദപുസ്തകം അടിസ്ഥാനമാക്കി സഭയിലെ അന്ധവിശ്വാസങ്ങൾ, ദുരാചാരങ്ങൾ എന്നിവയ്ക്കെതിരെ പോരാടിയ പ്രൊട്ടസ്റ്റന്റ് നവീകരണ നേതാക്കളെ സ്മരിച്ച് നമുക്ക് ദൈവത്തിന് നന്ദിയർപ്പിക്കാം. ❍

# "Everything Is Meaningless!"

**Bejoy Peter**

**The Surprise**

Ten years ago, when Teens Bible Hour was happening in our church, the session in which children engaged with the Bible the most was when the Book of Ecclesiastes was studied. It took us by surprise. The otherwise quiet teens suddenly became very vocal and delivered strong answers to questions on the Meaning and Purpose of Life, What is Death? and so on.

**Modern and Up-to-date**

There is a ring of post-modern thinking with the Book of Ecclesiastes. If Solomon had access to Facebook and WhatsApp, he would have had many followers, likes, and shares. In other words, this particular book is a reflection of thinking of our times even though it was written three thousand years ago. It is current and contemporary as well. And therefore it is worth looking at its key message keeping in mind today's youth.

**Key Theme**

The word "Ecclesiastes" means "Preacher" or "Philosopher." This book studies the meaning of life. **"Meaningless" is one key word used in this book. It occurs 37 times.** Solomon had a close look at science, wisdom, pleasures, labour, promotion, religion, riches, etc; and found it all meaningless. Even though all of these had its place in life, he is unable to find ultimate satisfaction or happiness in any of these. There is an emptiness and hollowness in all this. Without God, the "Teacher" says, "everything is meaningless (1:2)."

Again this book is about an exploration of things **"under the sun." This phrase occurs 29 times in the book.** The lamentation, "there is nothing new under the sun" (1:9) is an awesome piece of wisdom. Life

under the sun without God is meaningless is the main thought of this book.

### Humanity's Cry for a Saviour

"After much research and experiment, Solomon concluded that, on the whole, humanity found little solid happiness in life; and in his own heart he found an unutterable yearning for something beyond himself. Thus the book, in a way, is humanity's cry for a **Saviour!** With the coming of Christ, the cry was answered. The vanity [meaninglessness] of life disappeared."—Halley's Bible Handbook.

### A Tract for Modern Times

In many places the book contradicts itself and teachings of the Bible. There has always been a doubt about why this book should be in the Bible. "But we do not need to come to this conclusion if we understand it as **a sort of Old Testament tract for worldly people.** It is as though the author were saying, 'Come on then. Let's see what a life without God is really like. What have you got if you only live for the things of the world? Life is futile and meaningless, frustrating and miserable. But God can make a difference!' " — The Bible in Outline (Published by Scripture Union).

### Human Philosophy

"You do not have to go outside the Bible to find the merely human philosophy of life. God has given us in the Book of Ecclesiastes the record of all that human thinking and natural religion has ever been able to discover concerning the meaning and goal of life. The arguments in the book, therefore, are not God's arguments. . . . The Book is a dramatic autobiography of **Solomon's experience and reflections while he was out of fellowship with God.** Solomon may have been wise, but he did not follow his own wisdom. Ecclesiastes has its origin in his tragic sin of forsaking God and seeking satisfaction in philosophy and science 'under the sun.' " — "What the Bible Is All About" by Dr. Henrietta C. Mears.

### Message for Youth

In Jesus, the questions raised in the book of Ecclesiastes are answered. In Jesus, God has given us the way to find life—life that is

eternal and has the quality of God's life itself. In Christ, life becomes meaningful with Jesus being part of the family in its times of joy like wedding feasts and times of mourning. He always disrupted funerals with his life-giving presence. In Jesus, work becomes meaningful as we are called to work as if we work for Christ himself. We are called to do everything with the purpose of glorifying God (1 Corinthians 10:31).

Solomon in his conclusion to the book exhorts people **to remember their creator in the days of their youth (12:1).** By remembering God, young people will find that there is a life above the sun in contrast to what Solomon described. You are seated in the heavenly places with Jesus already (Ephesians 2:6). So in Jesus, you have the chance to look at life from above, see all things in your life from a heavenly perspective. **When you do so, life becomes meaningful as you realize God's purpose for your life.**

Perhaps, the Book of Ecclesiastes challenges youngsters not to despair when they doubt. But in their doubts they need to seek God. You can be honest with God with all that concerns you; all that you have fear about; all that you cannot share with anyone else. **The Book of Ecclesiastes invites you to turn away from meaningless philosophies and find fullest satisfaction in Jesus Christ.** ❍

---



**13th Anniversary**

**9th October 2018**

**EBENEZER NEHEMIAH**

*"In that blest region shall this spirit dwell,*
*Where flowers undying bloom on every side."*

Mathini Ebenezer (wife), Manoj Ebenezer & Shiny RL,
Sindhu Ebenezer & N Dharmaraj, Rekha Ebenezer & Ross Fenn K,
Alan, Ann, Priya, Prannoy, Julia, Aaron

ലേഖനം

# മാതൃകയും ശുഭപ്രതിക്ഷയും ഉണർത്തുന്ന വാർദ്ധക്യം

ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം

**അവഗണന അതിജീവിക്കുന്ന വാർദ്ധക്യം**

അനുഭവ സമ്പത്തിന്റെ പ്രതീകങ്ങളാണ് വാർദ്ധക്യ മാതാപിതാക്കൾ **'വൃദ്ധി'** എന്നാൽ ഐശ്വര്യമാണ്. വൃദ്ധി നേടിയ കാലഘട്ടമാണ് **'വാർദ്ധക്യം'. മുതിർന്ന പൗരന്മാർ പുരാവസ്തുക്കളല്ല, വീടിന്റെ ഐശ്വര്യവിളക്കുകളാണ്.** കുടുംബത്തിന്റെ മധുരഫലദായക മാമരങ്ങളായും പൂത്തുലഞ്ഞു നില്ക്കുന്ന പൂമരങ്ങളാലും വിസ്മയകരമായ അനുഭവസമ്പത്തിനെ നിത്യവസന്തത്തിന്റെ ചാരുതയോടുകൂടി അലങ്കരിക്കുന്നവരാണ് മുതിർന്നവർ. വിജ്ഞാനത്തിന്റെയും അനുഭവത്തിന്റെയും സ്രോതസ്സുകളാണ്, കലവറകളാണ്. അതോടൊപ്പം ശാരീരികവും, മാനസികവും വൈകാരികവുമായ മാറ്റങ്ങൾക്ക് കൂടുതൽ വിധേയപ്പെടുന്നവരാണവർ.

ആഗോളതലത്തിൽ ഒക്ടോബർ 1-ാം തീയതി വൃദ്ധദിനമായി ആചരിക്കുകയാണ്. ജീരിയാട്രിക്സ് / പാലിയേറ്റീവ് കെയർ എന്നീ ആരോഗ്യസംരക്ഷണ പരിപാലന സംവിധാനങ്ങളിലൂടെ ആയുർ ദൈർഘ്യം കൈവന്നിരിക്കുന്നു. ഭാരത്തിലെ വൃദ്ധരുടെ ആയുർദൈർഘ്യം ശരാശരിയെ കവച്ചുവച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലെ വൃദ്ധജനതയുടെ ആയുർദൈർഘ്യം ശരാശരി 71 വയസിൽ എത്തി നില്ക്കുന്നു. വാർദ്ധക്യം ദൈവിക അനുഗ്രഹമാണ് ഒരു വസന്തകാലമാണ്.

**ക്ഷീണം അവഗണിച്ച യാത്രികർ**

ജീവിതപാതയിൽ ബഹുദൂരം യാത്രചെയ്ത ശേഷം ഒരു തിരിഞ്ഞുനോട്ടത്തിന്റെ നാളുകളാണ് വാർദ്ധക്യകാലഘട്ടം. അനുഭവങ്ങളുടെ തീച്ചൂളയിൽ ചുട്ടുപ്പഴുത്തു തിളക്കമേറിയ സാരഥികളാണ് മുതിർന്ന തലമുറയെ പ്രതിനിധാനം ചെയ്യുന്നവരാണ് നമ്മുടെ വൃദ്ധസമൂഹം. ദൈവപക്ഷത്ത് നിയുറപ്പിച്ചു നിന്നു നമ്മെ നാമാക്കി തീർത്ത നമ്മുടെ വൃദ്ധമാതാപിതാക്കന്മാർ ദുരന്തങ്ങൾക്ക് മുമ്പിൽ പതറാത്തവർ; അടിതെറ്റി പോകാത്തവർ. പ്രത്യാശ കൈവെടിയാത്തവർ; ജീവിതത്തെ പക്വതയോടെ സമീപിച്ചവർ. ഒരിക്കലും നിലംപൊത്താൻ സ്വമേധയായി വിട്ടുകൊടുക്കാത്തവർ. മഞ്ഞും, മഴയും വെയിലും, ചൂടും അനുഭവിച്ചവർ തീയിൽ കുരുത്ത് വെയിലിൽ വാടിപോകാത്തവർ. സ്വയംത്യാഗികളായി ഉരുകു ഉരുകി പിൻതലമുറകൾക്ക് താങ്ങായവർ. ഒരു തണൽവൃക്ഷംപോലെ നിഴൽതന്നവർ. കരുതലിന്റെ കാവൽമാലാഖമാർ. അക്ഷരവഴിയിൽ നമ്മെ നടത്തിയവർ. വിവരവും വിവേകവും പകർന്നു തന്നവർ. ജീവിത ലക്ഷ്യം പറഞ്ഞുതന്നവർ. ജീവിക്കുന്നതെങ്ങനെയെന്ന് നമ്മെ അഭ്യസിപ്പിച്ചവർ.

**വാർദ്ധക്യകാലം ശുഭപ്രതീക്ഷയോടെ**

വാർദ്ധക്യകാലത്ത് ജീവിതത്തിൽ നിന്നും ഓടിപോകുവാൻ നാമൊ

*ശേഷം പേജ് 15 ൽ കാണുക*

ലേഖനം

# യേശുക്രിസ്തുവിലൂടെയുള്ള ജയജീവിതം

**അജി വിനോദ് റോയ് സി. റ്റി.**

**ന**മ്മെ ജയോത്സവമായി നടത്തുന്നവനാണ് ദൈവം. ലോക രക്ഷക നായ യേശുക്രിസ്തുവിലൂടെ നമുക്ക് പാപത്തിൽ നിന്നും രക്ഷ ലഭിക്കുമ്പോൾ മാത്രമേ ക്രിസ്തുവിലുടെയുള്ള ജയജീവിതം സാധ്യമാകുകയുള്ളൂ. തന്നിൽ ആശ്രയം വയ്ക്കുന്ന ഏതൊരു വിശ്വാസിയെയും അത്ഭുതകരമായി ദൈവം വഴി നടത്തും. ക്രിസ്തു മാർഗം വിടുതലിന്റെയും ജയോത്സവത്തിന്റെയും മാർഗ മാണ്. നിത്യ ജീവിതത്തിലെ പ്രശ്നങ്ങൾ ദൈവത്തിൽ ഭരമേല്പിക്കുമ്പോൾ അവൻ നമ്മെ താങ്ങി നടത്തും. ജീവിതത്തിൽ യഥാർത്ഥ സന്തോഷം നമുക്ക് ലഭിക്കണമെങ്കിൽ ക്രിസ്തു നമ്മുടെ ഉള്ളിൽ ഉരുവാകണം. നമ്മുടെ ഹൃദയ ങ്ങളും വിചാരങ്ങളും ശോധനചെയ്യുന്നവനാണ് ക്രിസ്തു.

യേശുക്രിസ്തുവിൽ ഒരു ജയജീവിതം നയിക്കാൻ ഒരു ക്രിസ്ത്യാനിക്കു കഴിയണം. അതിനായി നാം ഓരോരുത്തരും ദൈവത്തിന്റെ സന്നിധിയിൽ ഭര മേല്പിക്കേണ്ടത് ആവശ്യമാണ്. അവൻ നമ്മെ ശോധന ചെയ്തു നമുക്കുള്ള കുറവുകൾ വെളിപ്പെടുത്തിതരും. സങ്കീർത്തനക്കാരൻ പറയുന്നു:– "ദൈവമേ, എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗം എന്നിൽ ഉണ്ടോ എന്ന് നോക്കി ശാശ്വതമാർഗത്തിൽ എന്നെ നടത്തേണമേ" (സങ്കീ. 139:23,24). ഇതാണ് ക്രിസ്തീയ ജീവിതത്തിന്റെ ഒന്നാമത്തെ ചവിട്ടുപടി.

"ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും, എല്ലായിടത്തും ഞങ്ങളെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളി പ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം" ( 2കൊരി 2:14). നമ്മുടെ ഈ ലോകജീവിതം സുഖദുഃഖസമ്മിശ്രമാണ്. നമ്മുടെ ജീവിതത്തിൽ നാം പ്രതീക്ഷിക്കാത്തതു പലതും സംഭവിച്ചെന്നിരിക്കും. സാഹചര്യങ്ങൾ പ്രതികൂ ലമായിരിക്കും. "എന്റെ എല്ലാപ്രശ്നങ്ങൾക്കും യേശു മതിയായവനാണ്" എന്ന ഉറപ്പ് അന്തരികമായി നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം. എങ്കിൽ മാത്രമേ, യേശുക്രിസ്തുവിൽ ഒരു ജയജീവിതം നയിക്കുവാൻ നമുക്കു കഴിയുകയുള്ളൂ.

ക്രിസ്തുവിൽ നാം ജയോത്സവമായി ജീവിക്കുമ്പോൾ ഓരോ ദിവ സവും ക്രിസ്തുവിന്റെ കൃപ നമ്മുടെ ജീവിതത്തിൽ പകർന്നുകൊണ്ടിരിക്കു ന്നതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പലപ്പോഴും നമ്മുടെ ജീവിത ത്തിൽ തോൽവികൾ സംഭവിക്കാം. ക്രിസ്തുവിനെ കൂടാതെ ഇവയ്ക്കൊന്നിനും പരിഹാരം കാണുവാൻ കഴിയുകയില്ല. നാം ക്രിസ്തുവിനോടുകൂടെയാകുമ്പോൾ സാഹചര്യങ്ങളെക്കാൾ വലിയവനായ കർത്താവ് നമ്മുടെ ജീവിതത്തെ സന്തോ ഷവും സമൃദ്ധിയും നല്കി ജയോത്സവമായി വഴി നടത്തും.

നമ്മുടെ വിശ്വാസം അടിയുറച്ചതായിരിക്കണം. ലോകത്തെ ജയിക്കുന്ന ജയമായിരിക്കണം നമ്മുടെ വിശ്വാസം. നമുക്കെങ്ങനെ ലോകത്തെ ജയിക്കാൻ

കഴിയും? അതിന് ജഡത്തിന്റെ പ്രവൃത്തികളെ നാം ഉപേക്ഷിക്കണം. ഗലാത്യർ 5:16 ൽ രേഖപ്പെടുത്തിയിരിക്കുന്നു.:- "ആത്മാവിനെ അനുസരിച്ച് നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല". എന്താണ് ജഡത്തിന്റെ പ്രവൃത്തികൾ? "ജഡത്തിന്റെ പ്രവൃത്തികളോ:- ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു" (ഗലാത്യർ 5:19, 20, 21). നമ്മിലുള്ള ജഡത്തിന്റെ പ്രവർത്തികൾ പിശാച് കൊണ്ടുവരുന്ന ഓരോ തന്ത്രങ്ങളാണ്. "പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പ്പാൻ കഴിയേണ്ടിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ" എന്ന് പൗലൊസ് നമ്മെ ഓർമ്മപ്പെടുത്തുന്നു (എഫെ. 6:11). ജഡത്തിന്റെ പ്രവൃത്തികളെ ഉപേക്ഷിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ദൈവഹിതപ്രകാരം നമ്മെ ജയോത്സവമായി വഴി നടത്തും.

ഈ ലോകജീവിതം പ്രയാസങ്ങളും കഷ്ടതകളും ഭാരങ്ങളും ബുദ്ധിമുട്ടുകളും നിറഞ്ഞതാണ് നിരാശയുടെയും കഷ്ടതയുടെയും ഭാരങ്ങളുടെയും മദ്ധ്യേ നാം തളർന്നുപോകാതെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക. ക്രിസ്തുവിൽ ഒരു വ്യക്തിയുടെ ജീവിതം ആരംഭിക്കുമ്പോൾ ഉള്ളിൽ പരിശുദ്ധാത്മാവ് വസിക്കുകയും, അവൻ നമുക്ക് ഉപദേശകനായും വഴികാട്ടിയായും നമ്മോടു കൂടെ ഇരിക്കും. നമുക്ക് ഒരു ജയജീവിതം നയിക്കാൻ സാധിക്കും. ❍

---

*പേജ് 13 ൽ നിന്നും തുടർച്ച...*

രിക്കലും ആഗ്രഹിക്കരുത്. പ്രയാസങ്ങളെപ്പറ്റി അധികം ചിന്തിച്ച് അതിന്റെ കാഠിന്യം വർദ്ധിപ്പക്കരുത്. വൃദ്ധസദനങ്ങൾ പെരുകുന്നത് കണ്ടും കേട്ടും ഭയപ്പെടുന്നുവോ? വേണ്ടേ, വേണ്ട. നമ്മുടെ ഭാരം വഹിക്കുവാനും, ജീവിതനുകത്തിന്റെ ഒരറ്റം താങ്ങുവാനും തയ്യാറുള്ള അരുമനാഥൻ യേശുവിനെ ആശ്രയിച്ചാൽ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകും. നമ്മുടെ പൂർവ്വകാലജീവിതത്തിലെ പാളിച്ചകളെ ഓർത്ത് ദുഃഖിക്കുന്നുവോ? കറപുരണ്ട ജീവിതത്തിൽ മാറ്റും വിലയും നഷ്ടപ്പെട്ടുവെന്ന ചിന്താഭാരപ്പെടുന്നുവോ? നമ്മുടെ അബദ്ധങ്ങളും കുറവുകളുംകൊണ്ട് പ്രതീക്ഷകളും അറ്റുപോയോ? **വാർദ്ധക്യകാലത്തിൽ നാം നിരാശപ്പെടരുത്. തകർന്ന പാത്രങ്ങളെ ഉടച്ചു വാർത്ത് പുതിയ പാത്രങ്ങളായി രൂപപ്പെടുത്തുവാൻ കർത്താവിനു കഴിയും.** നാമിപ്പോൾ ആയിരിക്കുന്ന നിലയിൽ കർത്താവിന് സമർപ്പിക്കുമെങ്കിൽ, കർത്താവ് നമ്മെ രൂപാന്തരപ്പെടുത്തി പ്രത്യാശയും നവോന്മേഷവും ശുഭപ്രതീക്ഷയും നമ്മെ അണിയിക്കും. നമുക്ക് ആവശ്യമായ ബലവും ആത്മധൈര്യവും ലഭിക്കും. ദുഃഖസംഭവങ്ങളെ മറക്കുകയും സന്തോഷാനുഭവങ്ങളെ ഓർമ്മയിൽ പുതുക്കുകയും ചെയ്താൽ ജീവിതം സന്തോഷപൂർണമാകും. നമുക്ക് ലഭിച്ച അനുഭവങ്ങളെയും നന്മകളെയും നമ്മുടെ സ്മരണയിൽ കൊണ്ടുവരുമ്പോൾ ജീവിതം ആസ്വാദ്യമാകും. ദൈവം ചെയ്ത ഉപകാരങ്ങളെ ഓർക്കുമ്പോൾ നമ്മുടെ ജീവിതം സുരഭിലമാകും. ഇന്നലെകളിലെ നല്ല ഓർമ്മകളും വരാനിരിക്കുന്ന നാളുകളെ കുറിച്ചുള്ള പ്രതീക്ഷകളും വാർദ്ധക്യകാലത്തെ ജ്വലിപ്പിക്കട്ടെ - 'ഏറ്റവും മെച്ചമായത് വരാനിരിക്കുന്നതേയുള്ളൂ' (The best is yet to be !)

❍

എ. ലിവിംഗ്സ്റ്റൺ

# "എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ.."

രചനയും സംഗീതവും: തോമസ് മാത്യു

**(ക്രിസ്തീയ ആരാധനയ്ക്കുള്ള പാട്ടുകൾ 521)**

**സ്നേ**ഹസ്വരൂപനായ യേശുകർത്താവിന്റെ അദൃശ്യകരങ്ങൾ പിടിച്ചു നടത്തുന്ന അനുഭവം രുചിച്ചറിഞ്ഞ തോമസ് മാത്യു എന്ന കർത്തൃദാസൻ തന്റെ ജീവിതത്തിൽ ദുർഘടങ്ങളെ തരണം ചെയ്ത അവസരത്തിൽ ദൈവാത്മ പ്രേരണയാൽ രചിച്ച വരികളാണിത്:

എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ,
നടത്തിടുന്നു ദിനംതോറും
സന്തോഷവേളയിൽ, സന്താപവേളയിൽ
എന്നെ കൈവിടാതെ അനന്യനായ്...... (2)

പതറുകയില്ല ഞാൻ, പതറുകയില്ല ഞാൻ
പ്രതികൂലം അനവധി വന്നീടിലും
വീഴുകയില്ല ഞാൻ വീഴുകയില്ല ഞാൻ
പ്രലോഭനം അനവധി വന്നീടിലും
എൻ കാന്തൻ കാത്തിടും, എൻ പ്രിയൻ പോററിടും
എൻ നാഥൻ നടത്തിടും അന്ത്യംവരെ (2)

മുൻപിൽ ചെങ്കടൽ ആർത്തിരച്ചാൽ എതിരായ്
പിൻപിൽ വൻ വൈരി പിൻഗമിച്ചാൽ
ചെങ്കടലിൽ കൂടി ചെങ്കൽ പാതയൊരുക്കി
അക്കരെ എത്തിക്കും ജയാളിയായ്...... (2) പതറുക....

എരിയും തീച്ചൂള എതിരായ് എരിഞ്ഞാൽ
ശദ്രക്കിനെപ്പോൽ വീഴ്ത്തപ്പെട്ടാൽ
എന്നോടുകൂടെയും അഗ്നിയിലിറങ്ങി
വെന്തിടാതെ പ്രിയൻ വിടുവിക്കും.... (2) പതറുക....

മണ്ണോടു മണ്ണായ് ഞാൻ അമർന്നു പോയാലും
എൻ കാന്തനേശു കൈവിടില്ല
എന്നെ ഉയിർപ്പിക്കും വിൺ ശരീരത്തോടെ
കൈക്കൊള്ളും ഏഴയെ മഹത്വത്തിൽ (2) പതറുക....

വയനാടൻ മലഞ്ചരിവുകളിലെ ദുർഘടപാതകളിൽ കൂടി സഞ്ചരിച്ച് യാത്രാദുരിതങ്ങളും പ്രതിസന്ധികളും അവഗണിച്ച് ഉദ്യോഗത്തോടൊപ്പം,



പുതിയ തിരുസഭാംഗങ്ങൾ

# വാർഷിക സുവിശേഷയോഗം



പ്രസംഗകൻ : റവ. ഡോ. മാത്യു വർക്കി




75 വയസ് പൂർത്തിയാക്കിയവരെയും 50 വർഷത്തെ ദാമ്പത്യജീവിതം പൂർത്തിയാക്കിയവരെയും ആദരിച്ചു

# ചർച്ച് ക്വയറിന്റെ ഗാനശുശ്രൂഷ



MM Church Senior Choir



MM Church Children's Choir



MM Church Junior Choir



പ്രളയദുരിതാശ്വാസത്തിനായി നമ്മുടെ സഭ ഡോർകളക്ഷനിലൂടെ സമാഹരിച്ച 3 ലക്ഷം രൂപയുടെ ചെക്ക് ആഗസ്റ്റ് 20 ന് മുഖ്യമന്ത്രിക്ക് കൈമാറുന്നു.

